## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1146

30.01.2018-ൽ മറുപടിയ്ക്ക്

## കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ 250 കിലോമീറ്ററിൽ അധികം പി.ഡബ്ല്യു.ഡി റോഡുകൾ മൺസൂൺ കാലത്ത് വെള്ളത്തിനടിയാലാകും എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) ഉണ്ട്. |
| (ബി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഇപ്പോൾ ലഭിക്കുന്ന വിഹിതങ്ങൾ ഒന്നും തന്നെ പര്യാപ്തമാകുന്നില്ലെന്നതിനാൽ കുട്ടനാട് മണ്ഡലത്തിനെ പ്രത്യേക പ്രദേശമായി പ്രഖ്യാപിച്ച് പ്രത്യേക പരിഗണന നൽകാൻ കഴിയുമോ ? | (ബി) കുട്ടനാട്ടിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിനായി ശാസ്ത്രീയ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് നാറ്റ്പാക് മുഖേന പഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ, അടുത്ത സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സമർപ്പിയ്ക്കുവാൻ 06.01.2018-ലെ ജി1/113/2016-പൊ.മ.വ. കത്ത് പ്ര കാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹു. എം.എൽ.എ. യുടെ മണ്ഡലത്തിൽ നിന്നും നല്ല മുൻകൈ പ്രവർത്തനം ഉണ്ടാവണം. |

സെക്ഷൻ ഓഫീസർ